# പതിനാലാം കേരളനിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1394 — 03.12.2018 ൽ മറുപടിക്ക്

### വില്ലേജ് ഓഫീസർ തസ്തികയുടെ അപ് ഗ്രഡേഷൻ

**ചോദ്യം**

**ശ്രീ.കെ. രാജൻ**

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം റവന്യൂ വകുപ്പിന് കീഴിലുള്ള (സ്പെഷ്യൽ പർപ്പസ്) ഓഫീസുകൾ നിർത്തലാക്കിയതുമൂലം എത്ര തസ്തികകൾ പുനർ വിന്യസിക്കപ്പെട്ടുവെന്ന് വ്യക്തമാക്കുമോ;

**ഉത്തരം**

**ശ്രീ.ഇ.ചന്ദ്രശേഖരൻ**

(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം റവന്യൂ വകുപ്പിന് കീഴിലുള്ള ആഫീസുകൾ നിർത്തലാക്കിയത് മൂലം ആകെ 107 തസ്തികകൾ പുനർവിന്യാസം നടത്തിയിട്ടുണ്ട്. തസ്തിക സഹിതം വിവരം ചുവടെ ചേർക്കുന്നു.

| നം. | തസ്തിക | പുനർ വിന്യസിക്കപ്പെട്ട എണ്ണം. |
|---|---|---|
| 1 | ഡെപ്യൂട്ടി കളക്ടർ | 1 |
| 2 | സ്പെഷ്യൽ തഹസിൽദാർ | 7 |
| 3 | സീനിയർ സൂപ്രണ്ട് | 1 |
| 4 | ജൂനിയർ സൂപ്രണ്ട് | 2 |
| 5 | വാല്വേഷൻ അസിസ്റ്റന്റ് | 10 |
| 6 | ഹെഡ് ക്ലാർക്ക് | 3 |
| 7 | യു.ഡി.സി. | 14 |
| 8 | ക്ലാർക്ക് | 16 |
| 9 | വില്ലേജ് അസിസ്റ്റന്റ് | 6 |
| 10 | റവന്യൂ ഇൻസ്പെക്ടർ | 17 |
| 11 | സർവെയർ | 10 |
| 12 | ടൈപ്പിസ്റ്റ് | 4 |
| 13 | ചെയിൻമാൻ | 3 |
| 14 | ഓഫീസ് അറ്റൻഡന്റ് | 6 |

| | | |
|---|---|---|
| 15 | പി.റ്റി.എസ്. | 1 |
| 16 | ഡ്രാഫ്റ്റ്സ്മാൻ | 5 |
| 17 | വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് | 1 |
| | ആകെ | 107 |

| | |
|---|---|
| (ബി) സർക്കാരിന് സാമ്പത്തിക നഷ്ടമില്ലാതിരുന്നിട്ടും വില്ലേജ് ഓഫീസർ തസ്തിക ജൂനിയർ സൂപ്രണ്ട് തസ്തികയായി അപ് ഗ്രേഡ് ചെയ്യണമെന്ന ശമ്പള കമ്മീഷൻ ശിപാർശ നടപ്പിലാക്കാത്തതിന് കാരണമെന്താണെന്ന് അറിയിക്കുമോ? | (ബി) പത്താം ശമ്പള പരിഷ്കരണ കമ്മീഷന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ 20.01.2016 ലെ ജി.ഒ(പി)07/16/ഫിൻ നമ്പർ പ്രകാരമുള്ള പത്താം ശമ്പള പരിഷ്കരണ ഉത്തരവിൽ വില്ലേജ് ഓഫീസർ തസ്തികയെ ഡെപ്യൂട്ടി തഹസിൽദാർ/ ജൂനിയർ സൂപ്രണ്ട് തസ്തികയ്ക്ക് താഴെയുള്ള 29200-62400 എന്ന ശമ്പളസ്കെയിൽ നിശ്ചയിച്ച് ഉത്തരവായിട്ടുള്ളതാണ്. ആയതിൻ പ്രകാരം വില്ലേജ് ഓഫീസർ തസ്തിക അപ് ഗ്രേഡ് ചെയ്യുന്ന വിഷയം സർക്കാർ പരിശോധിച്ച് വരികയാണ്. |

**സെക്ഷൻ ഓഫീസർ**